**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -വയനാട് ജില്ലയിലെ പനമരം ബ്ലോക്കിൽപ്പെട്ട മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.വി.എൽ.വിനോദിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ. ഉ. (സാധാ)നമ്പർ 1502 /2016 /തസ്വഭവ, തിരുവനന്തപുരം, തീയതി, 22.04.2016

---

പരാമർശം :-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.2.2014 തീയതിയിലെ E11(SC 34/2013/WYD) 32488/13 നമ്പർ കത്ത്.
2. 31.8.2014 തീയതിയിൽ ശ്രീ.വി.എൽ.വിനോദിന് നൽകിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.വി.എൽ.വിനോദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 6.11.2014 തീയതിയിലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 20.6.2015 തീയതിയിലെ 17295/എസ്റ്റാഎ 4/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പനമരം ബ്ലോക്കിൽപ്പെട്ട മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ എസ്.ടി. ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് സത്വര അന്വേഷണം നടത്തുകയും ടി ക്രമക്കേടുകളിൽ പങ്കാളിയായ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.വി.എൽ. വിനോദിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പ്രൈവറ്റ് കോൺട്രാക്ടർ ശ്രീ.മുരളിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും പരാമർശം (1) പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.മുരളിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും പരാമർശം (2) പ്രകാരം ശ്രീ.വിനോദിന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, പ്രസ്തുത കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു. ശ്രീ.വി.എൽ.വിനോദ് സമർപ്പിച്ച പ്രതിവാദപത്രികയിൽ, ടിയാനും, കോൺട്രാക്ടർ മുരളിയും തമ്മിൽ യാതൊരു വിധത്തിലുള്ള ഉടമ്പടി കരാറോ, വ്യവസ്ഥയോ നിലവിലില്ലെന്നും, ടിയാൻ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ള 9 ഗുണഭോക്താക്കൾക്കും ബി.ഡി.ഒ. മുഖേന

ചെക്ക് നൽകിയിട്ടുള്ളതായും, ടിയാൻ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയ വീടുകളുടെ പണികൾ, നൽകിയ തുകകൾക്കനുസരിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗരേഖയിൽ വീടിന്റെ എസ്റ്റിമേറ്റിനെപ്പറ്റിയൊ പ്ലാനിനെപ്പറ്റിയോ പരാമർശിക്കുന്നില്ലെന്നും, വീടിന്റെ തറ വിസ്തീർണ്ണം 258 Sq.mtr. - ൽ കുറയുവാൻ പാടില്ലാത്തതാണ് എന്ന് പരാമർശിക്കുന്നതെന്നും, വിജിലൻസ് റിപ്പോർട്ടിൽ ടി വീടുകളുടെയെല്ലാം തറ വിസ്തീർണ്ണം 310 Sq.mtr.ന് മുകളിലാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളതെന്നും, വീടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വി.ഇ.ഒ.ക്ക് യാതൊരു പങ്കുമില്ലെന്നും, ആയതിനാൽ ടിയാനെ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.വിനോദ് സമർപ്പിച്ചിരുന്ന പ്രതിവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഐ.എ.വൈ. മാർഗ്ഗ രേഖ അനുസരിച്ച് ഗുണഭോക്താക്കളും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറും തമ്മിൽ കരാർ വച്ചതിനു ശേഷം മാത്രമാണ് ഭവന നിർമ്മാണം തുടങ്ങുന്നതിനും തുക നൽകുന്നതിനും സാധിക്കുകയുള്ളൂവെന്നും ഈ വിഷയത്തിൽ കരാർ വച്ചതിനു ശേഷം മാത്രമാണ് തുക നൽകിയിരിക്കുന്നതെന്നും, ഐ.എ.വൈ.മാർഗ്ഗരേഖ പ്രകാരം ഒരു കാരണവശാലും കരാറുകാരെ ഐ.എ.വൈ. ഭവന നിർമ്മാണവുമായി ബന്ധപ്പെടുത്തുവാൻ പാടില്ലെന്നും പ്രസ്തുത ഭവന നിർമ്മാണത്തിൽ ശ്രീ.മുരളി എന്ന കരാറുകാരനുമായി യാതൊരുവിധ ഉടമ്പടിയും ഇല്ലെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഒരു കരാറുകാരനെയും ഭവന നിർമ്മാണത്തിനു വേണ്ടി ചുമതലപ്പെടുത്തിയിട്ടില്ലെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധന നടത്തി പുരോഗതിയുടെ അടിസ്ഥാനത്തിലാണ് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നതെന്നും ടി ഗുണഭോക്താക്കൾ തന്നെയാണ് തുക കൈപ്പറ്റിയിരിക്കുന്നതെന്നും നൽകിയ തുകയ്ക്കുള്ള പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഐ.എ.വൈ. ഭവനത്തിന് പ്രത്യേക എസ്റ്റിമേറ്റോ ടൈപ്പ് ഡിസൈനോ നിർദ്ദേശിച്ചിട്ടില്ലെന്നും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണമെന്ന് നിർദ്ദേശമില്ലെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാങ്കേതികമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ പ്രാപ്തനല്ലെന്നും ആകയാൽ ശ്രീ.വി.എൽ.വിനോദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഭാഗത്തു നിന്ന് വീഴ്ചകളൊന്നും കണ്ടെത്താനാകാത്തതിനാൽ ടിയാനെതിരെയുള്ള നടപടികൾ ഒഴിവാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗ രേഖകൾ പ്രകാരം വീടിന്റെ നിർമ്മാണ പ്രവൃത്തികൾ യാതൊരു കാരണവശാലും സ്വകാര്യ കോൺട്രാക്ടറെ ഏൽപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഈ കേസിൽ ചട്ട വിരുദ്ധമായി വി.ഇ.ഒ. അപ്രകാരം ചെയ്തിട്ടുള്ളതായും, ഗുണഭോക്താക്കൾക്ക് നൽകിയ 85,000/- രൂപ വി.ഇ.ഒ. ഇടപെട്ട് സ്വകാര്യ കോൺട്രാക്ടർക്ക് നൽകിയിട്ടുള്ളതായി ഗുണഭോക്താക്കൾ അറിയിച്ചിട്ടുള്ളതായി വിജിലൻസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വയം ഏറ്റെടുത്താണ് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടത്

എന്നിരിക്കെ സ്വകാര്യ വ്യക്തിയുടെ ഇടപെടൽ ഉണ്ടാക്കിയത് വി.ഇ.ഒ.യുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കാണാവുന്നതാണ്. മാത്രവുമല്ല 2011-ൽ എഗ്രിമെന്റ് വച്ചിട്ടുള്ള വീടുകൾ 6 മാസത്തിനകം പൂർത്തീകരിക്കണമെന്നിരിക്കെ 2013-ൽ വിജിലൻസ് വകുപ്പിന്റെ സർപ്രൈസ് ചെക്ക് നടത്തുന്ന സമയത്തും അപൂർണ്ണമായ അവസ്ഥയിലായിരുന്നു. ഇതും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്തിൽ എസ്.ടി. ഗുണഭോക്താക്കൾക്കുള്ള ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.വി.എൽ.വിനോദിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡേവിഡ് മിൽട്ടൻ,
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.വി.എൽ.വിനോദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
വിജിലൻസ് വകുപ്പ് (Vide letter No.2668/D1/2014/Vig, dated 22.04.2014)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ